# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3811** **15.05.2017-ന് മറുപടിയ്ക്ക്**

**അരൂർ കെൽട്രോൺ ഫെറി -കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ്**

| ചോദ്യം<br>ശ്രീ. എ. എം. ആരിഫ് | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അരൂർ കെൽട്രോൺ ഫെറി -കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും എൽ.എ.ആർ ആക്ട് (ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻറ് റീസെറ്റിൽ മെന്റ്) പ്രകാരമുള്ള അപേക്ഷ എറണാകുളം, കോട്ടയം ജില്ലാ കളക്ടർമാർക്ക് ലഭിച്ചിട്ടുണ്ടോ; | (എ) അരൂർ കെൽട്രോൺ ഫെറി -കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് എൽ.എ.ആർ. ആർ ആക്ട്, 2013 പ്രകാരം എറണാകുളം ജില്ലയ്ക്ക് മാത്രം ബാധകമായിട്ടുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ അപേക്ഷയിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിനെ പൊന്നുംവില ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. |
| (സി) 2017 മാർച്ച് മാസത്തിൽ എറണാകുളം കളക്ടേറ്റിൽ ചേർന്ന, സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;<br>(ഡി) ഈ തീരുമാനങ്ങൾ നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും നിലവിലുള്ള അലൈൻമെന്റ് പ്രകാരം 3 വീടുകൾ നഷ്ടപ്പെടുന്ന സ്ഥിതി നിലവിലുണ്ട്. ഇതൊഴിവാക്കാനായി പ്രസ്തുത വീടുകൾ ഒഴിവാക്കി പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി ലഭിക്കുന്നതിനായി അർത്ഥനാധികാരിയോട് അരൂർ, കൊച്ചി എം.എൽ.എ.മാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നാളിതുവരെ അലൈൻമെന്റ് സ്കെച്ച് ലഭ്യമായിട്ടില്ലാത്തതാണ്. |
| (ഇ) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ